# **പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

## **ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂൺ 24, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## **വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

25(*181) തുറമുഖ വകുപ്പിന്റെ നിഷ്ക്രിയ ആസ്തികൾ വികസിപ്പിക്കാൻ നടപടി

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, തുറമുഖ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ളതും കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതുമായ നിഷ്ക്രിയ ആസ്തികൾ സംസ്ഥാനത്തിന് വരുമാനമുണ്ടാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന വിധത്തിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഉപയോഗശൂന്യമായ കെട്ടിടങ്ങൾ/തുറമുഖഭൂമി എന്നിവ അളന്നുതിരിച്ച് ബോർഡിന്റെ പേരിലാക്കി കൈയേറ്റങ്ങൾ അവസാനിപ്പിച്ച് ടൂറിസം/സമുദ്രാധിഷ്ഠിത വ്യവസായ

സാധ്യതകൾ മുൻനിർത്തി പി.പി.പി. മാതൃകയിൽ പദ്ധതികൾ തയ്യാറാക്കി വികസിപ്പിക്കുന്നതിനായി ലാൻഡ് മാനേജ്മെന്റ്/പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളെ നിയോഗിക്കുകയും ആദ്യഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ തുറമുഖ ഭൂമിയുടെ സർവേ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് പോർട്ട് ബംഗ്ലാവ്, വലിയതുറ പഴയ തുറമുഖ വകുപ്പ് ആസ്ഥാന മന്ദിരവും കടൽപ്പാലവും, തലശ്ശേരി കടൽപ്പാലം, അഴീക്കൽ ലൈറ്റ് ഹൗസും പരിസരവും, ആലപ്പുഴ മറീന എന്നീ ആസ്തികൾ പി.പി.പി. മാതൃകയിൽ ആദ്യഘട്ടത്തിൽ വികസിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് പോർട്ട് ബംഗ്ലാവിന്റെ നിക്ഷേപ സാധ്യത കണക്കിലെടുത്ത് വിശദമായ പദ്ധതി നിർദേശം തയാറാക്കിവരികയാണ്. ഉടൻ വികസന സാധ്യതയില്ലാത്ത തുറമുഖ ഭൂമികൾ ദീർഘകാല ലീസിന് നൽകുന്നതിനും ഉപയോഗശൂന്യമായ മെഷിനറികൾ സ്ക്രാപ്പ് ചെയ്യുന്നതിനും ഉപയോഗയോഗ്യമായവ അറ്റകുറ്റപ്പണി പൂർത്തിയാക്കി ലീസ് വ്യവസ്ഥയിൽ നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നോൺ-മേജർ തുറമുഖങ്ങളുടെ അതിരുകൾ അളന്ന് തിട്ടപ്പെടുത്തുന്നതിനായി ലാൻഡ് മാനേജുമെന്റ് യൂണിറ്റ് രൂപീകരിച്ച് 'ജി.ടി. ഭാരത്' എന്ന കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടെന്നും നിലവിൽ 4 തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ്.

കോഡ് ലഭ്യമായിട്ടുണ്ടെന്നും കൊല്ലം ഉൾപ്പെടെ 3 തുറമുഖങ്ങളെ അംഗീകൃത ഇമിഗ്രേഷൻസ് ആൻഡ് ചെക്ക് പോയിന്റ്സ് (ഐ.സി.പി.) ആയി തിരഞ്ഞെടുത്തിട്ടുണ്ടെന്നും ചന്ദ്രഗിരി ഡ്രെഡ്ജർ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26(*182) <u>ജീവാനന്ദം പദ്ധതി</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സർക്കാർ ജീവനക്കാർ വിരമിച്ചശേഷം മരണംവരെ എല്ലാ മാസവും ഒരു നിശ്ചിത തുക സ്ഥിരമായി ലഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ജീവാനന്ദം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും സർവ്വീസ് കാലയളവിൽ തവണകളായോ വിരമിക്കുന്ന സമയത്ത് നിശ്ചിത തുക ഒരുമിച്ചോ ഒടുക്കി പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ ജീവനക്കാർക്ക് അവസരമുണ്ടെന്നും സഭയെ അറിയിച്ചു. ജീവനക്കാർക്ക് ഇഷ്ടമുള്ള തുക നിക്ഷേപിക്കാനും വിരമിച്ചതിനുശേഷം അധിക വരുമാനം ഉറപ്പാക്കാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്. താൽപ്പര്യമുള്ള ജീവനക്കാർക്ക് മാത്രം അംഗമാകാൻ കഴിയുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ പഠിക്കുന്നതിന് വിദഗ്ധരെ ചുമതലപ്പെടുത്തുന്നതും റിപ്പോർട്ട് ലഭിച്ചതിനുശേഷം

തുടർനടപടികൾ ആലോചിക്കുന്നതുമാണ്. പൂർണ്ണമായും ഇൻഷ്വറൻസ് പദ്ധതിയായ ജീവാനന്ദത്തിന് പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള പെൻഷൻ പദ്ധതികളുമായി യാതൊരു തരത്തിലുള്ള ബന്ധവുമില്ലെന്നും മറ്റ് ഇൻഷ്വറൻസ് കമ്പനികളിൽനിന്നും ആനുകൂല്യങ്ങൾ നേടാൻ ഈ പദ്ധതി തടസ്സമാകില്ലെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജീവാനന്ദം പദ്ധതി അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്കുൾപ്പെടെ സർക്കാർ ഗാരന്റിയിൽ ആന്വിറ്റി തിരിച്ചുകിട്ടുന്ന പദ്ധതിയാണെന്നും കുടുംബശ്രീ അംഗങ്ങൾക്കായുള്ള 'ഒരുമ' പദ്ധതി വിപുലീകരിച്ച് മെച്ചപ്പെട്ട പരിരക്ഷ ഉറപ്പുവരുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27(*183) സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനങ്ങളെന്നും അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ടെന്നും സാധാരണക്കാർക്ക് ഉയർന്ന ജീവിത നിലവാരം പ്രദാനം ചെയ്യാനും ആഗോള മുതലാളിത്ത ശക്തികൾക്ക്

ബദലായി പ്രവർത്തിക്കാനും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് 2024-25 സാമ്പത്തികവർഷം 450 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) തയ്യാറാക്കുകയും ടീം ഓഡിറ്റ് സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും സഹകരണവകുപ്പിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും സഹകരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള നിയമനങ്ങൾക്കായുള്ള മത്സര പരീക്ഷ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ ബാങ്കിംഗ്, യു.പി.ഐ., മൊബൈൽ ബാങ്കിംഗ് എന്നിവയ്ക്കുപുറമെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 500-ഓളം എ.റ്റി.എം. കൗണ്ടറുകളും സ്ഥാപിക്കുന്നതിനുള്ള

നടപടി പുരോഗമിച്ചുവരുന്നുണ്ട്. യുവജനങ്ങളുടെ സ്വാശ്രയത്വവും സാമൂഹിക, സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയും നടപ്പിലാക്കിവരുന്നുണ്ട്. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം, സാഹിത്യകാരൻമാർക്കുവേണ്ടി സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവ രൂപീകരിച്ചിട്ടുള്ളതും കോട്ടയത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന അക്ഷരമ്യൂസിയത്തോടനുബന്ധിച്ചുള്ള ടൂറിസം സർക്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. നെല്ല് സംഭരണത്തിനായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള സഹകരണ അംഗ സമാശ്വാസ നിധി, മുറ്റത്തെ മുല്ല, വിദ്യാതരംഗിണി, സഹായ ഹസ്തം, സഹകരണം സൗഹൃദം, കെയർ ഹോം, സ്നേഹതീരം, നെറ്റ് സീറോ എവിഷൻ തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" പദ്ധതിയുടെ ഭാഗമായി കൂടുതൽ കോപ്പ്മാർട്ടുകൾ

ആരംഭിക്കുന്നതിനും സഹകരണ ഉൽപ്പന്നങ്ങൾക്ക് സെൻട്രൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് ലഭ്യമാക്കി ടി ഉൽപ്പന്നങ്ങൾ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിൽ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ലിക്വിഡേഷനിലാകുന്ന സംഘങ്ങൾക്ക് നൽകുന്ന ഗാരന്റി സ്കീം തുക 5 ലക്ഷം രൂപയായി ഉയർത്തുന്നതിനും കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അസംഘടിത തൊഴിലാളികളുടെ അഭിവൃദ്ധിക്കുവേണ്ടി കേരള സ്റ്റേറ്റ് ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം, ഐ.ടി. & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫഷണലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പ്രാദേശിക/ദേശീയ/അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്ട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയും രൂപീകരിച്ചിട്ടുണ്ട്. കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന

പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA) ആവിഷ്കരിക്കുകയും 2024-25 സാമ്പത്തിക വർഷം 30 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വായ്പാ തിരിച്ചടവിനായി എല്ലാ വർഷവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും കേരള കോ-ഓപ്പറേറ്റീവ് റിസ്ക് ഫണ്ട് സ്കീമിൽ കുടിശ്ശിക വരുത്തുന്ന കേസുകളിൽ മന്ത്രിയുടെ വിവേചനാധികാരം പ്രയോജനപ്പെടുത്തി തുക അനുവദിക്കുന്നുണ്ടെന്നും കേരള സഹകരണ സംഘം ഭേദഗതി നിയമത്തിന്മേൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിന് രജിസ്ട്രാർ കൺവീനറായി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും സഹകരണ മേഖലയിലെ സർപ്ലസ് ഫണ്ട് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനായി കൺസോർഷ്യം രൂപീകരിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

28(*184) കിഫ്ബിയുടെ പ്രവർത്തനം

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലായി കിഫ്ബി നാളിതുവരെ

86,143.49 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും 16,472.93 കോടി രൂപയുടെ പദ്ധതി/പദ്ധതിഘടകങ്ങൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 34,367.75 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ നടപടികളും 32,317.03 കോടി രൂപയുടെ പദ്ധതികൾ കരാർ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ 2024-25-ൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന 16321 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പ്രളയം/കോവിഡ് എന്നിവമൂലമുണ്ടായ സാമ്പത്തിക അനിശ്ചിതാവസ്ഥയ്ക്കിടയിലും കിഫ്ബി പദ്ധതികളുടെ നിർവ്വഹണം തടസ്സമില്ലാതെ നടത്താൻ കഴിഞ്ഞതുമൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനും സാമൂഹിക പശ്ചാത്തലത്തിന്റെ മുഖച്ഛായ മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. അധിക ഗ്രാന്റ് അനുവദിച്ച് കിഫ്ബിയുടെ വരുമാന സ്രോതസ്സിലുണ്ടായ കുറവ് പരിഹരിച്ചതിലൂടെ നിക്ഷേപകർക്കിടയിൽ വിശ്വാസ്യതയും ധനസമാഹരണത്തിന് പര്യാപ്തമായ ക്രഡിറ്റ് റേറ്റിംഗും നിലനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കിഫ്ബിയുടെ കടമെടുപ്പ് സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടുവന്നതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ നടപടികൾമൂലം കടുത്ത

സാമ്പത്തിക പ്രതിസന്ധിക്കിടയിലും കിഫ്ബി അംഗീകരിച്ച വിവിധ പദ്ധതികൾക്കായി 29,100 കോടി രൂപ ഇതിനകം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ, കിഫ്ബിയുടെ നോംസ് എന്നിവ സംബന്ധിച്ച് നിലനിൽക്കുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുമെന്നും കിഫ്ബി ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 29(*185) ഇൻഡക്ഷൻ ബേസ്ഡ് വയർലെസ്സ് വെഹിക്കിൾ ചാർജിംഗ് സംവിധാനം

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, ഇലക്ട്രിക് വെഹിക്കിൾ (ഇ.വി.) ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഇൻഡക്ഷൻ ചാർജ്ജിംഗ്, വെഹിക്കിൾ-ടു-ഗ്രിഡ് (വി2 ജി) സാങ്കേതിക വിദ്യ, അൾട്രാ ഫാസ്റ്റ് ചാർജ്ജറുകൾ തുടങ്ങിയ ചാർജ്ജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. ടി സാങ്കേതികവിദ്യകൾ കൂടുതൽ ചാർജ്ജിംഗ് സൗകര്യവും ഗ്രിഡ് സ്ഥിരതയും കുറഞ്ഞ ചാർജ്ജിംഗ് സമയവും വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ഉയർന്ന നിക്ഷേപവും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായതിനാൽ പൊതു-സ്വകാര്യ പങ്കാളിത്തം,

സർക്കാർ ആനുകൂല്യങ്ങൾ, ഗവേഷണ വികസന സഹകരണങ്ങൾ, നിക്ഷേപ സമാഹരണം എന്നിവയിലൂടെ മാത്രമേ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഊർജ്ജ മന്ത്രാലയം അംഗീകരിച്ച ഇ.വി. ആക്സിലേറ്റർ സെല്ലിലൂടെ പുതുതലമുറ ചാർജ്ജിംഗ് സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഇ-മൊബിലിറ്റി അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ഇൻഡക്ടീവ് ചാർജ്ജിംഗ് സാങ്കേതിക വിദ്യയിലൂടെ ഫിസിക്കൽ കണക്ടറുകളുടെ തേയ്മാനം കുറയ്ക്കുന്നതിനും ചാർജ്ജിംഗ് അനായസമാക്കാനും കഴിയും. പൊതുഗതാഗത സംവിധാനത്തിലെ ഇ-ബസുകൾക്ക് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) നടപ്പിലാക്കുന്നത് ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യക്ഷമതയും വിശ്വാസ്യതയും വർധിപ്പിക്കാനും ഇലക്ട്രിക്കൽ ഗ്രിഡിലെ ലോഡ് നിയന്ത്രിക്കാനും പ്രവർത്തന ചെലവ് കുറയ്ക്കാനും സാധിക്കുന്നതാണ്. വൈദ്യുത വാഹനങ്ങളെ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റമായി ഉപയോഗിക്കുന്നതിനുള്ള സാധ്യത പഠനം ആരംഭിച്ചിട്ടുണ്ട്. ഇന്ധന വിലയിലുണ്ടായ വർധനവിന്റെയും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന്റെയും ഭാഗമായി ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് ആളുകൾ താൽപ്പര്യം

കാണിച്ചുതുടങ്ങിയിട്ടുണ്ടെന്നും അതിനായി ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഒരു ശൃംഖല സ്ഥാപിക്കുമെന്നും സ്വകാര്യമേഖലയിലുൾപ്പെടെ 380-ൽപ്പരം ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും 1500-ൽപ്പരം സ്ലോ ചാർജ്ജിംഗ് പോയിന്റുകളും നിലവിലുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.